


# SREE KRISHNA HIGH SCHOOL NALLEPILLY

ലിറ്റിൽ കൈറ്റ്സ്

# ആമുഖം

***ആർഷഭാരതസംസ്കാരത്തിന്റെ ഉറവിടമെന്ന്***
പേരു കേട്ട ഭാരതഭൂമി ഇന്ന് ശാസ്ത്രസാങ്കേതിക വിദ്യയിൽ മികവുറ്റ സ്ഥാനം കൈവരിച്ചിരിക്കുന്നു. അതുകൊണ്ടുതന്നെ വിദ്യഭ്യാസ രംഗവും നവോത്ഥാന പ്രവർത്തനങ്ങൾക്ക്സാക്ഷ്യംവഹിക്കുകയാണ്.
സർഗ്ഗാത്മകതയും സാങ്കേതികവിദ്യയും കൈകോർക്കുമ്പോൾ അധ്യയനരംഗവുംപുതിയ മാനങ്ങൾ തടുന്നു.ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ കൂട്ടായ്മയിൽ വിരിഞ്ഞ ഈ മാഗസിൻ സാങ്കേതിക വിദ്യയുടെ മികവും അവതരണത്തിന്റെ മഹിമയും കൊണ്ട് ഉന്നതമായ ലക്ഷ്യബോധങ്ങൾ തേടുകയാണ്.
പഠനപ്രവർത്തനങ്ങൾക്കിടയിലും പരീക്ഷത്തി
രക്കുകൾക്കിടയിലും കിട്ടുന്ന സമയങ്ങളിൽ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ നടത്തിയ പ്രവർത്തങ്ങളിൽ മികവുറ്റ ഒന്നാണ് ഈ
ഡിജിറ്റൽ മാഗസിൻ. സമകാലിക സാമൂഹിക പ്രശ്നങ്ങളിൽ പ്രധാനമാണ് മാനവികതയുടെമൂല്യച്യുതി. കൗമാരപ്രായത്തിലെത്തുന്ന കുട്ടികളെ നേർവഴിക്ക് നയിക്കാനും പഠനമികവും വ്യക്തിത്വവികസനവും പ്രാപ്തമാക്കാനും ടെക്നോളജിയും സംവിധാനങ്ങളും എങ്ങനെ പ്രയോജനപ്പെടു
ത്തണമെന്ന് കാണിച്ചു തരുകയാണ് ലിറ്റിൽ കൈറ്റ്സ് ക്ലബ് പ്രവർത്തനങ്ങൾ. എസ്. കെ .എച്ച്. എസ് നല്ലേപ്പിള്ളി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ് പ്രവർത്തനത്തിന് ഒരു പൊൻതൂവൽ കൂടി ചാർത്തി ചിരാത് എന്ന ഡിജിറ്റൽ മാഗസിൻ നിങ്ങളുടെ മുന്നിൽ സമർപ്പിക്കട്ടെ.







ലിറ്റിൽ കൈറ്റ്സ്





***Sunu Subramanian.S***
***KITE MISTRESS***

***Shabira.B***
***KITE MISTRESS***





***Siju.T.P***
***SITC***

***V.Mini***
***JSITC***

# Little Kites Members

**9A**

1 Shahana
2 Gopika
3 Shamseena
4 Srijila
5 Anishma

**9B**

6 Akhileshlal
7 Gokul
8 Nandhakumar
9 Abhinaya
10 Aswami

**9C**

11 Stephanjoy Y
12 Hariparasad U
13 Vishnu B
14 Ranjith R
15 Sreevarsha J R
16 Deepika R
17 Kavya K
18 Anilakunchai K
19 Amisha
20 Sregha
21 Midhun


ആഗസ്റ്റ് 15
ശ്രീ കൃഷ്ണാ ഹൈ സ്കൂൾ
2018/1/26 09:13

# WHERE ARE YOU MY CHILD





Aryasivan

(9 B)

## MOTHER

I searched you in heaven,
I searched you in hell
I searched you in our
But of didn't find you any where

I searched you in water which of drink,
I searched you in food which of eat,
I searched you in the entire world
I still didn't find you any where

At last with a small hope
I searched you in me
and I have found you in me
I found you in each drop of my blood.

# യാത്രാവിവരണം





അനന്യകൃഷ്ണ.വി
8.B

ഞാൻ അവസാനമായി പോയ യാത്രയാണ് 10/9/2016 സൈലന്റ്‌വാലി യാത്രയാണ് മനുഷ്യന്റെ കൈയേറ്റം കുറഞ്ഞ ഒരു സ്ഥലം എന്നുതന്നെ പറയാം. ശനിയാഴ്ച രാവിലെ 4 മണിക്ക് വീട്ടിലുള്ള എല്ലാവരും കൂടിയാണ് യാത്രപോയത്. പോയ ദിവസം നല്ല മഴയായിരുന്നു. മണ്ണിന്റെ മണവും,പ്രകൃതിയുടെ സൗന്ദര്യവും പക്ഷിമൃഗാദികളുടെ കൂവലും കർണതിനും നേത്രത്തിനും ഒരു സുന്ദര നിമിഷങ്ങൾ പകർന്നു. ട്രക്കിൽ കാടിനുള്ളിലൂടെയുള്ള  യാത്ര എന്റെ പഴയ യാത്രകളെ ഓർമ്മിപ്പിച്ചു. കേരളത്തിൽ സിംഹവാലൻ കുരങ്ങുകൾക്ക് പ്രസിദ്ധമായ സ്ഥലമാണ് ഈ മഴക്കാട്. സിംഹവാലൻമാരിൽ രണ്ടു പേരെ മാത്രമേ കാണാൻ സാധിച്ചിരുന്നുള്ളു. അവർക്ക് ഏറ്റവും ഇഷ്ട്പ്പെട്ട വെടിപ്ലാവുകളും കായും കണ്ടു. അത് ഞാൻ ഒരെണ്ണം സൂക്ഷിക്കുകയും ചെയ്തു. മലിനീകരണം ഏറ്റവും കുറഞ്ഞ പുഴയായ കുന്തിപ്പുഴ കളകളമൊഴുകി വരുന്നത് കാണാൻ ഞാൻ ഒരുപാട് നടന്നു. വളരെ ദൂരത്തുനിന്നുതന്നെ കളകളനാദം കേൾക്കാമായിരുന്നു. പച്ചപ്പിനാൽ സമൃദ്ധമായ ആ വനത്തിൽ കണ്ണാടി പോലെ നിറഞ്ഞൊഴുകുന്ന ആ പുഴ കണ്ണിന് കുളിർമ നൽകുകയും പ്രകൃതിയുടെ നാശത്തെക്കുറിച്ച് ഓർക്കാനും പ്രേരിപ്പിച്ചു. കുന്തിപ്പുഴയ്ക്ക് കുറുകെ അണകെട്ടി. പാത്രക്കടവ് ജലവൈദ്യുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്നതായും പരിസ്ഥിതി വാദികളുടെ എതിർപ്പിനെ തുടർന്ന് ഒഴിവാക്കി എന്നും യാത്രക്കിടെ മനസ്സിലായി. ഏകദേശം ന

# പോസ്റ്റർ





ശ്രീവർഷ ജെ ആർ
(9.C)

മലിനീകരണം,മനുഷ്യജീവന്റെ
നാനാ നാടികളുടേയും അതായത്
സകലതും നശിപ്പിക്കുന്നതിനു
വേണ്ടിയുള്ള തുടക്കമാണ്.



നമ്മെത്തന്നെ നാം
കൊല്ലുണമോ?
എന്തിനാണീഗദുഷ്
പ്രവർത്തികൾ
നിർത്തിവയ്ക്കു ഭൂമിയേയും നമ്മേയും സംരക്ഷിക്കു.........

# ചന്ദ്രൻ

*(Sree varsha 9c)*

ഭൂമിയുടെ ഒരേയൊരു ഉപഗ്രഹം ചന്ദ്രൻ സ്വയം  പ്രരിക്രമണം ചെയ്യാനും ഭ്രമണം  ചെയ്യാനും  27 1/3  ദിവസം ചന്ദ്രനെക്കുറിച്ച് പഠിക്കുന്ന ശാസ്ത്ര  ശാഖ സെലനോളജി എന്നറിയപ്പെടുന്നു ചന്ദ്രനിലെ ഒരു ദിവസം ഏതാണ്ട് ഭൂമിയിലെ 1 മാസം വരെ വരും മനുഷ്യൻ ഇന്നേ  വരെ  സഞ്ചാരിച്ച  ഏക ഉപഗ്രഹമാണ് ചന്ദ്രൻ ചന്ദ്രനിൽ കൂടുതലായി കാണപ്പെടുന്ന ലോഹമാണ് ടൈറ്റാനിയം.

# ഭുവനം



ഈ വിശ്വമൈത്ര
മോഹനം ജ്യോത്സനേ.........
കൂരിരുൾകുത്തിലും നീ കൂടെയുണ്ടെങ്കിൽ......
പച്ചപ്പുചേർന്നൊരാരാരണ്യവും വയലേലയും
കൽപവൃക്ഷങ്ങളും മഴവില്ലിൻറെ കാന്തിയും
ചെങ്കതിർ ളുകുന്ന പുലരിയും സന്ധ്യയും
ദിനരാത്രഗതിക്കുവെളിച്ചമേകുന്നുവോ?

ഉഷ വിജയൻ
( എച്ച്.എസ്.എ.മലയാളം)

സത്യപ്രകാശവും അഹിംസാമണിനാദവും
ത്യാഗത്തിൻ പ്രതിധ്വനിയായുയരുമ്പോൾ
ജനനിയേ ധന്യമായി പ്രണമിക്കുമ്പോഴും
ധരണയിൽ ജന്മസാഫല്യമേകുന്നുവോ...?

കാലത്തിന്റെ കരങ്ങളിൽ സമർപ്പിക്കും നൊമ്പരം
കാറ്റാടിപോൽ കരൾ കാർന്നുതിന്നീടുമ്പോൾ

ലിറ്റിൽ കൈറ്റ്സ്

സാഗരക്കരയിൽ ദ്യുതികാട്ടുമുഡുക്കളേ
സായാഹ്നത്തിന്റെ കുളിർത്തെന്നലാകുമോ...?
മനോരഥത്തിൽ ഗോപനം ചെയ്ത മണിമുത്തുകൾ
കാലാന്തരത്തിന്റെ സ്പർശന മേൽക്കുമ്പോൾ
സ്നേഹത്തിൻ ളുവൽ സ്പന്ദന മായുതിരുമ്പോൾ...?
പരിപക്വമായ് മിന്നിത്തിളങ്ങിനിൽകുന്നുവോ...?
നിലാവിന്റെ ശോഭയാൽ തെളിയുന്ന ഭുവനത്തിൽ
ഒരു ജന്മം കൂടി ജാതനായിരുന്നെങ്കിൽ
നിശാഗന്ധിയിൽ നിറയുന്ന നറുമണം
തപ്ത ബിന്ദുവായ് നുകരുവാൻ കഴിയുമോ...?
ഈ വിശ്വമെത്ര മോഹനം ചന്ദ്രികേ
കൂരിരുൾ കുത്തിലും നീ കൂടെ യുണ്ടെങ്കിൽ

# WOMAN

*The beauty of god is shown in woman's*

*creation*

*For he took pains in her creation*

*The beauty of flowers,the chirping of birds,*



Arya Sivan
( 9 B)

*The colours of rainbow have been put in a bowl*

*The kiss of breeze,the laughter of trees,*

*The mixed feeling of seas have been put into stir*

*The slyness of fox, gentleness of leaves,*

*The waywardness of deer ,and he mixed the ingredients*

*He took all this and put in cauldron and uttered the magic words*

*Behold,before him stood his creations*

*WOMAN !!!!!*

## கல்வி

*மீண்டும் அதே போல் ,அமரமுடியாத*

*சிம்மாசனம் தாயின் கருவரை மட்டுமல்ல*

*பள்ளிக்கூட வகுப்பறையும் தான்*



ஜோதிகா.ம
(9 D)

## பாசம்

*முதியோர் இல்லத்திற்கு*

*பணம் கொடு,பொருள் கொடு,*

*உணவு கொடு,ஆனால்*

*பெற்றோரை மட்டும்*

*கொடுத்து விடாதே.*

# അമ്പിളി കവിതകൾ



അമ്പിളിയമ്മാവാ.....
താമര കുമ്പിളിലെന്തുണ്ട്?
കുമ്പിട്ടിരിപ്പാണോ.......
താമര കൊമ്പനാനപ്പുറത്ത്..

*Stephan Joy*
*(9 c)*



അപ്പൂപ്പൻ താടിപോലെ നരച്ചൊരു
തൊപ്പിയുള്ളമ്മാവാ......
താഴോട്ടു പോരുമ്പോൾ
എനിക്കൊരു സമ്മാനം
കൊണ്ടുത്തരുമോ?

# അമ്മ മനസ്സ്

Selvaraj.R
(10.F)

എന്നും പതിവു പോലെ ഞാൻ ക്ലാസ്സിൽ പോകും.അധ്യാപകരുടെ ശാസനയും കിട്ടും.സോഷ്യൽ ടീച്ചറുടെ ശാസനയും തമാശയും എല്ലാം കലർന്ന പീരിയഡ് നീങ്ങികൊണ്ടിരിക്കുന്പോളാണ് നോട്ടീസുമായി മുരളിയേട്ടൻ കടന്നു വന്നത്.പെട്ടെന്ന് ഇടിമിന്നലേറ്റതുപോലെ ഒരു വാർത്ത കേട്ടത്. നാളെ പാരൻറ്സ് മീറ്റിങ്ങ്, 2 മണിക്ക്.ആ വർത്ത കേട്ട ആഘാധത്തിൽ തന്നെ ആ ദിവസം മുഴുവൻ പോയി.വൈകുന്നേരം വീട്ടിലെത്തി, അടുക്കളയിൽ പണിചെയ്തുകൊണ്ടിരിക്കുന്ന അമ്മയുടെ പക്കൽ ഈ വിവരം പറഞ്ഞു.അമ്മ മറുപടിയൊന്നും പറഞ്ഞില്ല.ആധിയോടെ ഞാൻ ഉറങ്ങാൻ പോയി.




അടുത്ത ദിനം നേരം പുലർന്നു.ഞാൻ ഏറ്റവും വെറുക്കുന്ന ദിവസങ്ങളിലൊന്ന്.ഞാൻ അന്ന് സ്കൂളിലേക്ക് പോവാതിരിക്കാൻ പല അടവുകളും പയറ്റി നോക്കി.പക്ഷെ അതൊന്നും ഏറ്റില്ല.അങ്ങനെ മനസ്സില്ലാമനസ്സോടെ ഞാൻ സ്കൂളിലെത്തി.കുറെ പേരുടെ അമ്മമാർ വന്നു.ആ കുട്ടികളെ നോക്കി കളിയാക്കി ചിരിച്ച കൊണ്ടിരിക്കുമ്പോൾ ,അതാ ദൂരെ നിന്ന് നീലവർണ്ണ സാരിയുടുത്ത് എൻറെ അമ്മ വരുന്നു.ഒരു നിമിഷം എൻറെ ശ്വാസം നിലച്ചപോയി.

അമ്മ ക്ലാസ്സിലേക്ക് കയറുന്നു.ടീച്ചർ ചിരിച്ച കൊണ്ട് വരവേൽക്കുന്നു.പുകഞ്ഞുകൊണ്ടിരിക്കുന്ന എൻറെ അവസ്ഥയിൽ ടീച്ചർമാർ ഒന്നുകൂടിഎണ്ണ ഒഴിച്ചുവിട്ടു.അധ്യാപകരുടെ ശാസനയിലും ഉപദേശത്തിലും ഞാൻ ആകെ തളർന്നുപോയി.ഒപ്പം എൻറെ അമ്മയും.അവസാനം ഞാൻ കണ്ടത് എപ്പോഴും തിളങ്ങികൊണ്ടിരിക്കുന്ന എൻറെ അമ്മയുടെ കണ്ണിൽ നിന്നും ചൂടു കണ്ണീർ ഒഴുകുന്നതാണ്.എൻറെ മനസ്സിൽ ഒരു വിങ്ങൽ.എനിക്ക് താങ്ങാവുന്നതിലേറെയായിരുന്നു അത്.അന്ന് ഞാൻ പ്രതിജ്ഞ ചെയ്തു.എന്നെക്കുറിച്ച് അമ്മക്ക് അഭിമാനിക്കാവുന്ന അവസരം ഞാൻ ഉണ്ടാക്കും.എൻറെ അമ്മയുടെകണ്ണീരാണ് പഠിക്കണം,പ്രയത്നിക്കണം എന്ന ചിന്ത എന്നിൽ വേരൂന്നിച്ചത്.

# മഹാത്മാഗാന്ധി

ഹരിപ്രസാദ്.യു
( 9 C)





മഹത്തായ സന്ദേശങ്ങൾ ലോകത്തിനു നൽകിയ അതു ജീവിതത്തിൽ പ്രാവർത്തികമാക്കിയ മനുഷ്യസ്നേഹിയായിരുന്നു ഗാന്ധിജി. മതേതരഭരതമായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം.തൊഴിലിന്റെ മഹത്ത്വം നന്നായി മനസ്സിലാക്കിയ അദ്ദേഹം കുട്ടികളുടെ സർവതോമുഖമായ വികാസമായിരിക്കണം വിദ്യഭ്യാസത്തിന്റെ ലക്ഷ്യം എന്നു പ്രഖ്യപിച്ചു. അഹിംസയെ സമരായുധമാക്കിയ ഗാന്ധിജി സാമൂഹികപ്രവർത്തനം ധനസമ്പാദിനും ചൂഷണത്തിനും ഉപയോഗിക്കരുതെന്ന് നിർദേശിച്ചു. ക്രിസ്തുദേവന്റെ പരിത്യാഗശീലം കൃഷ്ണന്റെ ധർമ്മരക്ഷോപായം തന്റെ ബുദ്ധന്റെ അഹിംസയും ശങ്കരാചാര്യരുടെ ബുദ്ധിശക്തിയും രണ്ജിദേവന്റെ ദയാവായ്പയും ഹരിശ്ചന്ദ്രന്റെ സത്യവും മുഹമ്മദിന്റെ ധൈര്യവും ഇവ ഒരാളിൽ ഒത്തുചേർന്നു കാണാൻ ഗാന്ധിജിയുടെ സമീപമെത്തണമെന്ന് വള്ളത്തോൾ (എന്റെ ഗുരുനാഥൻ) എന്ന കവിതയിൽ പാടിയിട്ടുണ്ട്. ഏതു ജോലിക്കും  അതിന്റേതായ മാന്യതയുണ്ടെന്ന് ഗാന്ധിജിയുടെ പ്രവർത്തനങ്ങള്ളിലൂടെ നമ്മുക്ക് ബോധ്യപ്പെടും. സമത്വസുന്ദരമായ ഒരു നവലോകം കെട്ടിപ്പടുക്കുമെന്ന് ഗാന്ധിയൻ ആദർശങ്ങൾ നിത്യജീവിതത്തിൽ പ്രാവർത്തികമാക്കണം.

# കവിപരിചയം

രഞ്ജിത്ത്.ആർ

(9.C)

## കുഞ്ചൻനമ്പ്യാർ

ആദ്യത്തെ ജനകീയ സാഹിത്യകാരനാണ് കുഞ്ചൻനമ്പ്യാർ. ലക്കിടി റെയിൽവേസ്റ്റേഷനു സമീപമുള്ള കിള്ളിക്കുറിശ്ശിമംഗലം ക്ഷേത്രത്തിനു സമീപം കലക്കത്തുഭവനത്തിൽ എ.ഡി 1705 നടുത്ത് അനുഗ്രഹീതനായ കുഞ്ചൻനമ്പ്യാർ ജനിച്ചുയെന്നാണ് കരുതപ്പെടുന്നത്. നമ്പ്യാരുടെ പിതാവ് ഒരു നമ്പൂതിരി ആയിരുന്നുയെന്നും അതല്ല,ഒരു നമ്പ്യർ തന്നെയായിരുന്നുവെന്നും അഭിപ്രായങ്ങളുണ്ട്. കിടങ്ങൂർ ഗ്രാമത്തിലുള്ള കല്ലമ്പള്ളി ഇല്ലത്തെ ഒരു നമ്പൂതിരിയായിരുന്ന നമ്പ്യാരുടെ പിതാവെന്ന് കരുണാകരൻ നായർ, പി.ഗോവിന്ദപ്പിള്ള, ആർ.നാരായപ്പണിക്കർ, ഉള്ളൂർ തുടങ്ങിയവർ അഭിപ്രായപ്പെടുന്നു.

അമ്പലപ്പുഴ രാജാവിന്റെ ആശ്രിതനായി കുറെ കാലം അദ്ദേഹം അമ്പലപ്പുഴയിൽ താമസിച്ചു. തുള്ളൽ പ്രസ്ഥാനത്തിന് അവിടെ വെച്ചാണ് അദ്ദേഹം രൂപം നൽകിയത്.

നമ്പ്യാരുടെ കൃതികൾ:-

ശ്രീകൃഷ്ണചരിതം, മണിപ്രവാളം, ശംബരവധം ആട്ടക്കഥ, പാലാഴിമഥനം ആട്ടക്കഥ, നളചരിതം കിളിപ്പാട്ട്,പഞ്ചതന്ത്രം കിളിപ്പാട്ട്, കിരാതം വഞ്ചിപ്പാട്ട്,ഭാഗവതം ഇരുപത്തിനാല് വൃത്തം.



# കുമാരനാശാൻ

അനില കുഞ്ചായി

(9.C)

മലയാള ഖണ്ഡകാവ്യപ്രസ്ഥാനത്തിന് കനത്ത സംഭാവനകൾ നൽകിയ കുമാരനാശാൻ 1873 ഏപ്രിൽ 12-ന് ചിറയിൻകീഴ് താലൂക്കിൽ കായ്ക്കര തൊമ്മൻ വിളാകത്തു വീട്ടിൽ നാരായണനാശാന്റേയും കാളിയമ്മയുടെയും പുത്രനായി ജനിച്ചു.
കുമാരു എന്ന ഓമനപേരിൽ അറിയപ്പെട്ടിരുന്ന ഇദ്ദേഹം ഉടയാൻകുടി കൊച്ചുരാമൻ വൈദ്യനിൽ നിന്ന് സംസ്കൃതം പഠിച്ചു.
നാൽപത്തിയാറാമത്തെ വയസ്സിൽ അദ്ദേഹം വിവാഹിതനായി ദാമ്പത്യജീവിതം അധികകാലം നയിക്കുവാൻ വിധി അദ്ദേഹത്തെ അനുവദിച്ചില്ല. 1924 -ൽ പല്ലനായാറ്റിൽ വെച്ചുണ്ടായ ' റഡീമർ 'ബോട്ടപകടത്തിൽപ്പെട്ട് ആശാൻ അകാലനിര്യാണമടഞ്ഞു.

പ്രധാന കൃതികൾ :-

വീണപൂവ്, ലീല, നളിനി, ചിന്താവിഷ്ടയായ സീത, പ്രരോദനം,ദുരവസ്ഥ, സിംഹപ്രസവം, ചണ്ഡാല ഭിക്ഷുകി, കരുണ,ബാലരാമായണം, സൗന്ദര്യലഹരി, ഗ്രാമവൃക്ഷത്തിലെ കുയിൽ, മൈത്രേയി,പ്രബോധ ചന്ദ്രോദയം, ശ്രീബുദ്ധചരിത, മന:ശക്തി, രാജയോഗം എന്നിവ പ്രധാന കൃതികൾ.

# പരിസ്ഥിതി നാളേക്കായി

കാവ്യ.കെ
(9.C)



ഭൂമിയുടെ രക്ഷാകവചമാണ് നമ്മൾ. ഭൂമിയ രക്ഷിക്കേണ്ട കടമ നമുക്കുള്ളതാണ്.മാതാ....പിതാ....ഗുരു... ദൈവം.അമ്മയില്ലാത്തവർക്കമ്മയായും അച്ഛനായും പാഠങ്ങൾ ചൊല്ലിത്തരാൻ ഗുരുവായും അതിലുപരിയായി നമ്മുടെയെല്ലാം ദൈവമായി നമ്മുടെ അമ്മ അല്ലെങ്കിൽ പ്രകൃതിയമ്മ എന്നു തന്നെ പറയാം നമ്മുടെ കൂടെ ഉണ്ടാകാനും നമ്മെ സന്തോഷിപ്പിക്കാനും വാത്സല്യം തരാനും നമുക്ക് വേണ്ട ഈ അമ്മ പ്രകൃതിയമ്മയെ സംരക്ഷിക്കേണ്ട കടമ ആരുടേതാണ്? നമ്മുടേതുമാത്റമല്ലേ.........

ഭൂമിയമ്മയിൽ കാൽ ഭാഗം മാത്റമേ കരയുള്ളൂ അതായത് വിശാലമായ ഹരിതാഭമായ സൗന്ദര്യഭരിതമായ പ്രദേശങ്ങൾ ഉണ്ടാവുകയുള്ളൂ.

ഈ പരിസരവും പ്രകൃതിയും സംരക്ഷിച്ചാലേ അടുത്ത തലമുറയ്ക്കുണ്ടാവുകയുള്ളൂ...

മേഘം എന്ന കവാടങ്ങൾ തുറന്ന് മഴപെയ്യുമ്പോൾ തുള്ളിച്ചാടുന്ന,കുട്ടികളെ,തവളകളെ,ചെടികളെ,മരങ്ങളെ,പുഴകളെ.

ഈ കാഴ്ച്ച ഇപ്പോൾ നമുക്ക് കാണാൻ കഴിയുമോ?

എന്താണ് നമ്മുടെ ഭൂമിക്ക് സംഭവിച്ചത്?

ഭൂമി നമ്മുടെ കൈകളിൽ നിന്ന് അകലുകയാണ്. ഇന്ന് നമ്മുടെ ലോകം മരണപ്പെട്ടുകൊണ്ടിരിക്കുകയാണ് മലിനീകരണം.വായുവും ,മണ്ണും,ജലവുമെല്ലാം മലിനമാവുകയാണ്.

ആദിമ മനുഷ്യൻ ഭക്ഷണം ശേഖരിക്കുവാനും ശത്രുക്കളിൽ നിന്നും രക്ഷ നേടാനും സ്വന്തം ശരീരശക്തിയെ മാത്രം ആശ്രയിച്ചു. പരിസ്ഥിതിയിൽ മാറ്റം മരുത്താതെ ഇണങ്ങി ജീവിച്ചു. കൃഷിയും മൃഗപരിപാലനവും ആളോഹരി ഊർജലഭ്യതയും ഊർജോപയോഗവും വർധിപ്പിച്ചു.അതോടൊപ്പം പ്രകൃതിയിൽ മനുഷ്യന്റെ ഇടപെടലും വർധിച്ചു.കൃഷിക്കുവേണ്ടി കാടുകൾ നശിപ്പിച്ചു,പുൽമേടുകൾ കയ്യേറി, ഭക്ഷ്യലഭ്യത കൂടിയതോടുകൂടി ജനസംഖ്യ

വർധിച്ചു. ജനങ്ങളും നഗരങ്ങളും വർധിച്ചുവന്നു കൃഷി ചെയ്യാൻ പുതിയ ഉൽപ്പാദനസംവിധാനങ്ങൾ വന്നു. മനുഷ്യായുസ്സ് വർധിച്ച ജനസംഖ്യയും കൂടികൂടി വന്നു. വേണ്ടത്ര ഭക്ഷണം ലഭക്കാൻ കൃത്രിമ രാസവളങ്ങളും പുതിയ ഗതാഗതസംവിധാനങ്ങൾ വികസിച്ചു. പ്ലാസ്റ്റിക്കെന്ന മഹാവില്ലന്റെ വരവ് ഇതിനെല്ലാം വേണ്ടി ലക്ഷക്കണക്കിന് വർഷങ്ങളായി ഭൂമിക്കുള്ളിൽ ഫോസിൽ ഇന്ധനങ്ങളുടെ രൂപത്തിൽ ശേഖരിച്ചുവച്ചിരുന്ന കാർബണും മീഥെയ്നും കുഴിച്ചെടുത്ത് ജ്വലിപ്പിച്ച് ഊർജലഭ്യതകൂട്ടി ഇതിന്റെയെല്ലാം ഫലമായി വായുവിലും വെള്ളത്തിലും മണ്ണിലും മാലിന്യങ്ങൾ കുമിഞ്ഞുകൂടി. ഒസോൺ ശോഷണം, ആഗോളതാപനം വർദ്ധിക്കൽ , നമ്മുടെ കയ്യിൽ നിന്ന് ഇപ്പോൾ പരിസ്ഥിതി നഷ്ട്ടപ്പെടുകയാണ്

പരിസ്ഥിതിയെയും,പ്രകൃതിയേയും, ഭൂമിയേയും ഇനിമുതൽ സംരക്ഷിക്കാൻ നാം ഓരോരുത്തരും മനസ്സുവയ്ക്കണം.

ഇനിമുതൽ നമ്മുടെ ഭൂമിയെ തിരിച്ചുകൊണ്ടുവരാൻ നാം പരിശ്രമിക്കേണ്ടതാണ്.

# നമുക്ക് ചെയ്യാവുന്നത്

# നമുക്കും കർഷകരാകാം....

**ദീപിക.ആർ (9.c)**



നമ്മുടെ ഭക്ഷണരീതിയിൽ വലിയതോതിൽമാറ്റംസംഭവിച്ചുകൊണ്ടിരിക്കുകയാണ്.

ഭക്ഷണത്തിന്റെ ചേരുവ മാറുന്നു. ഏതുരീതിയിലാണ് ഈ മാറ്റമുണ്ടാകുന്നതെന്ന്

ശ്രദ്ധിച്ചിട്ടുണ്ടോ?.. രസകരമായിരിക്കുമിത്.

പച്ചക്കറികൾ, ഇലക്കറികൾ, പഴങ്ങൾ, കിഴങ്ങുകൾ, ധാന്യങ്ങൾ മറ്റുള്ള പലതും നമുക്ക് കൃഷിചെയ്യാൻ കഴിയുന്നവയാണ്. ആരോഗ്യമുള്ള ഭക്ഷണം കഴിക്കാൻ നമുക്ക് പരിശ്രമിക്കാം.പലരീതികളിലും നമുക്ക് കൃഷിചെയ്യാവുന്നതാണ്.

കർഷകർ ഭൂമിയുടെ സ്വത്താണ്. ജനങ്ങളുടെ ജീവനാണ് കൃഷി. വയറുനിറയുന്നതു

വരെ കഴിക്കുന്ന ഭക്ഷണം കിട്ടുന്നത് കർഷകരുടെ അധ്വനം കൊണ്ടാണ്. അവരുമാത്രം കൃഷിചെയ്താൽ മതിയോ?...

ന്യൂറുകോടിയിൽപരം ജനങ്ങൾക്ക് ആഹാരത്തിന്, നമ്മുടെ രാജ്യത്തിലെഎല്ലാ ജനങ്ങളും ഒരു ചെടിയെങ്കിലും നട്ടുപിടിപ്പിക്കുക.ആരോഗ്യകരമായ ജീവിതം നയിക്കുക. നിങ്ങൾ അല്ലെങ്കിൽ നമ്മൾ എന്നുതന്നെ പറയാം.നമ്മൾ കൃഷിചെയ്തിട്ടുണ്ടോ?..

ഉണ്ടങ്കിലും ഇല്ലെങ്കിലും ഒന്നു ചെയ്യാം... പയർ,വെണ്ട , വഴുതന ഇവയിലേതങ്കിലുമൊന്നിന്റെ വിത്തുപാകിമുളപ്പിച്ച് വളർത്തിനോക്കാം....

മുളയ്ക്കാൻ എത്ര ദിവസമെടുക്കുന്നു... പൂക്കാൻ എത്ര ദിവസമെടുക്കുന്നു.... കായ്ക്കാൻ എത്ര ദിവസമെടുക്കുന്നു.... അതുപാകമാവാൻ എത്ര ദിവസമെടുക്കുന്നു... എല്ലാം വളരെ പെട്ടെന്നായിരിക്കും. കൃഷിചെയ്യാൻ എളുപ്പമല്ലേ.. നമുക്ക് ചെയ്തുനോക്കാൻ കഴിയുന്ന വിളവ് എളുപ്പം ലഭിക്കുന്ന കൃഷിരീതിയാക്കാം.. ഈ വിളകളെ..

ഓരോ വീട്ടിലും ഒരു പച്ചക്കറി ചെടിയെങ്കിലും നടുക. അതിൽതന്നെ പൈസയും ആരോഗ്യവും സംഭരിക്കാം. ഉദാഹരണമായി നമ്മുടെ വീട്ടിൽ ഒരു കറിവേപ്പിലച്ചെടി നടുക. കടയിൽ നിന്ന് വാങ്ങുമ്പോൾ അതിലടിച്ചിരിക്കുന്ന വിഷത്തിന്റെ അളവ് എത്രയാണെന്ന് നമുക്ക് കണക്കാക്കാൻ കഴിയില്ല. ഇതിൽ നിന്നുതന്നെ രക്ഷനേടാം........

## ആധുനിക കൃഷിരീതികൾ

കൃത്രിമമായി സസ്യങ്ങളെ വളർത്തിയെടുക്കുന്ന രീതിയാണ് ടിഷ്യൂ കൾച്ചർ. ഇതുമൂലം സസ്യങ്ങൾക്ക് ഉന്മൂലനാശം സംഭവിക്കുന്നില്ല പുതിയ തരം വിത്തുകൾ ഉൽപ്പാദിപ്പിക്കാനുള്ള സാങ്കതികവിദ്യ കണ്ടുപിടിച്ചിട്ടുണ്ട് . വർഷങ്ങളേറെയായി ഓരോതരം സസ്യങ്ങളെയും സൂക്ഷമമായി വിഷകലനം നടത്തി മനുഷ്യൻ ഗവേഷണം നടത്തിക്കൊണ്ടിരിക്കുന്നു. ജനിതക എഞ്ചിനീയറിങ്ങിലൂടെ ജനിതക മാറ്റം

വരുത്തിയ വിളകൾ ഇപ്പോൾ ഉൽപ്പാദിപ്പിക്കപ്പെട്ടു തുടങ്ങിയിരിക്കുന്നു ഈ സാങ്കേതിക വിദ്യ സസ്യങ്ങളിൽ പ്രയോഗിക്കുമ്പോൾ ഇതുവരെക്കാണത്തതരത്തിലുള്ള പ്രത്യേക സസ്യങ്ങളുണ്ടാകുന്നു. എന്നാൽ ഈ രീതിയിൽ ഉൽപ്പാതിപ്പിക്കപ്പെടുന്ന വിളകൾ പരിസ്ഥിതിക്കും മനുഷ്യന്റെ ആരോഗ്യത്തിനും ദോഷകരമാണെന്ന് പല പഠനറിപ്പോർട്ടുകളും ചൂണ്ടിക്കാണിക്കുന്നു. കൃഷിരംഗത്ത് കൂടുതൽ നേട്ടങ്ങൾ കൈവരിക്കാനുള്ള മനുഷ്യന്റെ പ്രയാണം തുടർന്നുകൊണ്ടേയിരിക്കണം.

പ്രയത്നിക്കുക  ആരോഗ്യകരമായ ജീവിതം നയിക്കുക!

# മനുഷ്യജീവിതത്തിൽ മറന്ന നാളുകൾ

നവീൻ.എൻ

(9.C)



***ഓണം** :- പലതും കേട്ടുപോയ  ആചാരം*

*അതിരാവിലെ പക്ഷികൾ ആഹ്ലാദിച്ചു. കലപിലാ ശബ്ദത്തോടെ നമ്മളെ  വിളിച്ച് എഴുന്നേൽപ്പിക്കുന്നു. ആകാശത്ത് കവാടങ്ങൾ തുറന്നുവരുന്നതുപോലെ വെളിച്ചം ഒട്ടാകെ പരന്നു. കോഴി കൂകൽ അതിഗംഭീരമായി കേൾക്കുന്നുണ്ട്. പത്തുവട്ടത്തിൽ പൂക്കൾ ചിരിച്ചുകൊണ്ടുനിൽക്കുന്നു. മഞ്ഞയും ഓറഞ്ചും നിറമുള്ള ചെണ്ടുമല്ലികൾ. മത്തന്റ പൂവ് റോസാപ്പൂ, കാശിത്തുമ്പ, തുമ്പ, മുക്കുറ്റി തുടങ്ങിയ പൂക്കളൊക്കെ ആ പൂക്കളത്തിന് അലങ്കാരം വർദ്ധിപ്പിക്കുന്നു.*

എത്ര മനോഹരം! വള്ളം കളിയുടെ ക്ലകല്യം ആർപ്പുവിളിയും കൃഷിയുടെ വിളവെടുപ്പും സദ്യയൊരുക്കാൻ അവരുടെത് അവരുചെയ്ത കൃഷിയാണ്, കൃഷിയുടെ വിളവാണ് എടുക്കുക.

ഓണം സമൃദ്ധമാണ്

ഓണം സമൃദ്ധമാണ്

എവിടെപ്പോയി നമ്മുടെ ഓണം ഇപ്പോൾ?
മണ്ണും വിണ്ണും മറന്ന മനുഷ്യൻ പൂക്കളെല്ലാം എവിടെ പോയി
എങ്ങുതിരിഞ്ഞാലും വാഹനങ്ങൾ കാണാം എന്നാൽ ഒരു പൂവ് അപൂർവം.
പൂക്കളം ഇടുന്നതും ഫ്ലാറ്റിലെ ബാൽക്കണിതുഞ്ചത്ത് അതും അപൂർവം പ്ലാസ്റ്റിക് പൂക്കൾ. പ്ലാസ്റ്റിക്ക് കവറുകളുണ്ട്, ഉപകരണങ്ങളുണ്ട്. ഇപ്പോൾ പൂവും പ്ലാസ്റ്റിക് ആയി മാറിയിരിക്കുന്നു. ഓണസദ്യ കുടുംബമൊന്നിച്ചിരുന്ന് സദ്യയുണ്ടാകും. ഇപ്പോൾ ഓടറുണ്ട് സദ്യയോടർ ചെയ്താൽ അ ത് വീട്ടിലെത്തും പൈസകൊടുക്കും.ഓണത്തെ ഇപ്പോൾ ലരും മറന്നു. അത്തം തൊട്ട് തിരുവോണം വരെ നാം ആഘോഷിക്കുന്നു. തിരുവോണ ദിവസം മാവേലി നമ്മളെ കാണാൻ വരുന്നു എന്നു വിശ്വാസമുണ്ട്, ആചാരമുണ്ട്. ഇതിപ്പോഴുള്ളവരുടെടുത്ത് ചോദിച്ചാൽ അറിയില്ല ഒറ്റവാക്കിൽ നിന്നു ചെറിയ വിഷയം പോലും അറിയാത്ത മനുഷ്യരാണ് നമ്മുടെ മുന്നിൽ. എല്ലാം മനുഷ്യരിൽ നിന്ന് അകലുകയാണ് എന്തുകൊണ്ട്? ഏതുകൊണ്ട്? എമന്നുള്ള ചോദ്യത്തിന് ഉത്തരമില്ല. പ്രകൃതിയുമായി ഇണങ്ങിതാമസിച്ച നമ്മളതിൽ നിന്ന് അകലുകയാണ്, എല്ലാം നശിപ്പിച്ച് മനുഷ്യരുതന്നെ കാറ്റിലും മഴയിലും എല്ലാവരുടെ മനസ്സിൽ നിന്നും മാഞ്ഞുപോയി ഓണം എന്നുള്ള വാക്ക്.

ഐശ്വര്യത്തെ ഇല്ലാതാക്കി....നമ്മൾ...

# ചന്ദ്രനെ കുറിച്ചുളള ചോദ്യോത്തരങ്ങൾ

കാവ്യ.കെ



1. ചന്ദ്രനിലെ ആകാശത്തിന്റെ നിറം?

കറുപ്പ്

2.മനുഷ്യനാദ്യമായി ചന്ദ്രനിൽ ഇറങ്ങിയത്?

1969 ജൂലൈ 21

3.ചന്ദ്രനിൽ കാലുകുത്തിയപ്പോൾ നീൽ ആംസ്ട്രോങ് പറഞ്ഞത്?

മനുഷ്യന് ഇതൊരു പുതിയ കാൽവെപ്പ് മനുഷ്യരാശിക്കോ ഒരുവൻ കുതിച്ചചാട്ടം

4.ചന്ദ്രനിൽ കാലുകുത്തിയ ആദ്യമനുഷ്യൻ?

നീൽ ആംസ്റ്റോങ്

5.ചന്ദ്രനേക്കുറിച്ചുള്ള പഠനം അറിയപ്പെടുന്നത്?

സെലനോളജി

6.നീൽ ആംസ്റ്റോങ് ചന്ദ്രനിൽ നിന്ന് കണ്ട ഭൂമിയെ പറ്റി പറഞ്ഞത്?

Big bright and beautiful

7.ചന്ദ്രനെക്കുറിച്ചുള്ള എത്രാമത്തെ ദൗത്യമാണ് ചന്ദ്രയാൻ?

68 -ാം ദൗത്യം

8.ചന്ദ്രനിൽ കൂടുതലായി കാണപ്പെടുന്ന ലോഹം?

*ടൈറ്റാനിയം*

# നമ്മുടെ സ്വാതന്ത്രം എവിടെപ്പോയി ?

(പ്രസംഗം)

കാവ്യ.കെ

(9.C)

നാം 71-ാം സ്വാതന്ത്ര്യവർഷത്തിലേക്ക് കടക്കുകയാണ്.

ഗാന്ധിജിയുടെയും, സുഭാഷ്ചന്ദ്രബോസിന്റയും, ഭഗത് സിങിന് , ചാച്ചാജിയുടെയും, കേളപ്പജിയുടെയും, ഝാൻസി റാണിയുടെയും ഒരു ത്യാഗമാണ്, നേട്ടമാണ് , കടമയാണ് സ്വാതന്ത്ര്യം. സ്വാതന്ത്ര്യം നേടിത്തരാൻ പൊരുതിയ മഹാത്മാഗാന്ധിയും മറ്റ നേതാക്കളും നമുക്ക് വേണ്ടി ജീവൻ ബലിയർപ്പിച്ചവരാണ് സ്വാതന്ത്ര്യം നമ്മുടെ ജന്മാവകാശമാണ്. ശ്രീനാരായണ ഗുരുവിന്റെ വാക്കുകളോർക്കാം. സ്വാതന്ത്ര്യം കിട്ടിയത് എപ്പോഴാ... ?നമുക്കറിയാം 1947 നാണ് നമുക്ക് സ്വാതന്ത്ര്യം കിട്ടിയത്.

എന്നാൽ ഇപ്പോൾ നമുക്ക് സ്വാതന്ത്ര്യം ഉണ്ടോ? പുറത്തിറങ്ങാൻ പോലും വയ്യാത്ത സ്ഥിതി. ചെറിയ കുട്ടികൾ മുതൽ ആൺകുട്ടികളായാലും, പെൺകുട്ടികളായാലും, മുതിർന്ന കുട്ടികൾ വരെ പുറത്തുവിടാൻ കഴിയാത്ത ലോകത്തിലാണ് നാം ജീവിക്കുന്നത്.

നാം നമ്മെ തന്നെ ശ്രദ്ധിക്കേണ്ടതാണ്.

നാം അടുത്തായി കേട്ടുവരുന്ന വാർത്തകൾ പലതും നമ്മെ ഞെട്ടിപ്പിക്കുന്നതാണ് ഭയാനകമായി പീഡിപ്പിക്കുന്ന സ്ത്രീകളെ കുഞ്ഞുങ്ങളെ പെൺകുട്ടികളെ എന്നു വേണ്ട

ഇപ്പോൾ ആൺകുട്ടികളെ പോലും വിട്ടുവയ്ക്കുന്നില്ല.

ഇന്ന് നടക്കുന്നത് അന്ന് ബ്രിട്ടീഷുകാർ വന്ന് നമ്മെ മർദ്ധിക്കുന്നതിനേക്കാൾ മഹാദ്രോഹമാണ് ക്രൂരതയാണ് ജനങ്ങൾ ജനങ്ങളോട് ചെയ്യുന്നത്

നല്ലതുമാത്രം ചെയ്യുക...

ലക്ഷ്യത്തോടുകൂടി നമുക്ക മുന്നേറാം..

നന്ദി നമസ്കാരം .

# கருணை உள்ளம்

Sneha S
(9 D)



இயற்கை அழகை ரசித்தடியே மரத்தடியில் அமர்ந்திருந்தார் தர்மலிங்கம்.அவருக்குப் பின்னால் ஏற்பட்ட சலசலப்பு சத்தத்தைக் கேட்டு உணர்ந்து திரும்பிப்பார்த்த போது அந்த கிராமத்தில் வசித்து வரும் விவசாயிகளில் பலர் அங்கு நின்றுகொண்டிருந்தனர்.தர்மலிங்கத்திடம் உதவி கேட்டுவந்தவரகள் தான் இவர்கள்.

வசதிபடைத்த குடும்பத்தில் பிறந்த தர்மலிங்கத்தின் பெயரில் மட்டுமல்ல தர்மம்.இவரது நிஜவாழ்க்கையிலும் நன்றாகவே கடைபிடித்தார்.

அவருக்கு கிடைத்த வசதிகளை பிறருக்கு உதவும் முறையில் செலவழித்தார்.இதற்காகவே ஒவ்வொரு மாதமும் அனாதை இல்லம்,முதியோர் இல்லம்,மருத்துவமனை போன்ற இடங்களுக்குச் சென்று ஆதரவற்றவர்களுக்கு தன்னாலான உதவிகள் செய்துவந்தார்.

வந்தவர்கள் அனைவரும் தர்மலிங்கத்தை வணங்கினர்.ஒவ்வொருவராக தங்களது பிரச்சனைகளை தெரிவித்தனர்.கூட்டத்தில் ஒரு பெரியவர் மிகுந்த சோகத்துடன் இருந்தார். இதை பார்த்த தர்மலிங்கம் அவரை அழைத்து சோகத்திற்கான காரணத்தை விசாரித்தார்.அதற்கு அந்த பெரியவர்,“ தான் ஒவ்வொரு வருடமும் மிகுந்த ஆர்வத்தடன் விவசாயம் செய்கிறேன்.ஆனால் அதற்குத் தகுந்த எந்த பலனும் விவசாயத்தில் கிடைக்கவில்லை” என்று கூறி அழுகிறார்.
தர்மலிங்கம் அந்த பெரியவருக்கு தன்னாலான உதவி செய்வதாகக்

கூறினார். நனறி மகனே நான் உங்களை என் வாழ்நாள் முமவதும் மறக்கவே மாட்டேன் என பெரிவர் கூறினார். இந்த நேரத்தில் தர்மலிங்கத்தை
தெரிந்த இருவர் தர்மலிங்கத்தின் அருகில் வந்து ஏன் தர்மலிஙகம் இவர் கூட நின்று கொண்டிருக்கிறாய் உனக்கு கேவலமாக இல்லையா? என கேட்டார்கள். அந்த நேரத்தில் பெரியவருக்கு மிகவும் வருத்தமாகிவிட்டது.அப்பொழுது தர்மலிங்கம் இருவர்களிடமும் கூறினார்,
எனக்கு எதற்கு கேவலம் என கேட்டார்.அவர்கள் நீ பெரிய விவசாயத்துறை
அதிகாரி. இந்த சின்ன விவாசாயியிடம் நீ போய் நிற்கிறாய் என கேட்டனர்.அதற்கு தர்மலிங்கம்,நீ இதுவரை உண்ட உணவு ,இதுமாதிரியான விவசாயிகள் தான் பயிர் செய்கிறார்கள் என புரிய வைத்தார்.
பிறகு விவசாயிக்குத் தேவையான உதவிகளை செய்து அவருக்குஅதிக விளைச்சலை உருவாக்கி கொடுத்தார்.
இதை அறிந்த கிராமவாசிகள் தர்மலிங்கத்தின் நல்லுள்ளத்தை பாராட்டினர்.

# விண்வெளி ஆய்வில் இந்தியா

Raseena A
10 D



முன்னுரை:

"வானை அளப்போம் கடல் மீனை அளப்போம் சந்திர மண்டலத்தியல் கண்டுதெளிப்போம்". என்று பாரதியார் அன்று கண்ட கனவு பொய்யாய் பழங்கதையாய் போய் விடாமல் நிஜங்களாய் உண்மை சம்பவமாய் திகழ்ந்து வருகிறது. மனிதனின் கண்களுக்கு எட்டாத வானமும்,கோள்களும்,விண்மீன்களும்அறிவியலாளர்களின் கண்களுக்கு எட்டி விட்டது.இதற்காக நமது இந்தியா சிறப்பாக செயல்பட்டு வருகிறது என்பதை கட்டுரை வாயிலாக தெரிந்து கொள்ளலாம்.

வானியல் ஆய்வில் இந்தியா:

"வான நூற் பயிற்சி கொள்" என்பதுதமிழ் கவி .பாரதியின் அறிவுரை.பழமையும் பெருமையும் மிக்க இப்பாரத மண்ணின் வஞ்ஞானிகள் வானியல் கல்வி மட்டுமின்றி கணிதக்கல்வி ,கலைக்கல்வி போன்றவற்றிலும் சிறந்து விளங்கச் செய்கின்றனர்.இது நமது நாட்டை தலை நிமிரச் செய்கிறது.

விண்வெளிப் பயணத்தில் இந்தியா:

நமது இந்தியாவில் கர்நாடக மாநிலத்தில் பீன்யா என்னுமிடத்தில் நமது அறிவியலாளர்களால் ஒரு செயற்கை கோள் 16 மீட்டர் அகலமும் 300 கிலோ எடையுடையதுமாக இருந்தது இந்த

*செயற்கை கோளிற்கு அறிவியலாளர்களால் 'ஆரியப்பட்டா' என்ற பெயர் சூட்டப்பட்டது அப்போது இந்தியாவில் செற்கை கோள்களை பரக்க விடுவதற்கான எந்த வசதியும் இருக்க வில்லை இது இந்திய விஞ்ஞானிகளுக்கு பெரும் ஏமாற்றத்தைக்*

*கொண்டு சேர்த்தது இதன் காரணமாக 'உருசியா' என்னுமிடத்திலிருந்த*

*'ஆறியப்பட்டா'எனும் செயற்கை கோள் வின்னிற்கு அனுப்பப்பட்டது.*

## விண்வெளித்துறையில் முன்னேற்றம்

*நமது இந்தியா மேல் நாடுகளைப் போலவே வளர்ச்சியடைய வேண்டும்*

*என்ற காரணத்திற்காக **1978 -**ல் அறிவியலாளர்களால் 'ரோகினி'*

*என்ற செயற்கை கோள் உருவாக்கப்பட்டது.நமது நாட்டை வளர்ச்சியடைச் செய்ய வேண்டும் என்ற காரணத்திற்காக நமது விஞ்ஞானிகள் பெரும் பெரும் முயற்சியில் ஈடுபட்டுக் கொண்டிருக்கின்றனர்*

*அதன் விளைவாகத்தான் பாஸ்கரா **-1,**பாஸ்கரா**-2** போன்ற செயற்கை*

*கோள்களை அனுப்பி வெற்றி கண்டுகொண்டிருக்கின்றனர்.இன்சாட் பி-*

***1,**இன்சாட் பி**-2,**இன்சாட் பி**-3** போன்ற செயற்கை கோள்களை*

*விண்வெளியில் நிலைகொள்ளச் செய்து செய்தித் தொட்ரபுகளை*

*நடத்தி வருகின்றனர்.இதே போன்று அக்னி,பிரத்வாபோன்ற செயற்கை*

*கோள்களையும் விண்ணில் அனுப்பி வெற்றி கண்டு*

*கொண்டிருக்கிறார்கள் நமது இந்திய விஞ்ஞானிகள் .*

## விண்வெளி ஆராய்ச்சி நிலையங்கள்

*விண்வெளி ஆய்வில் பெரிதும் ஆராய்ச்சிகளுக்கு வெளிநாடுகளை*

*நம்பி இருந்தது நமது இந்தியா.அது இந்திய நாட்டில் பெரும் குறையாக*

இருந்தது.இக்குறையை நிவர்த்தி செய்ய கேரள மாநிலத்திலுள்ள தும்பாவிலும் ஆந்திர மாநிலத்திலுள்ள ஸ்ரீ ஹரிகோட்டா என்ற இடங்களிலும் ஏவுகனை ஆராய்ச்சி மையங்கள் துவங்கப்பட்டது இந்த மையங்கள் ஏவுகனை ஆராய்ச்சி இந்தியாவை மேலும் ஒருபடி உயரச் செய்தது. முதன் முதலாக **1987** இல் 'ஆப்பிள்' எனும் செயற்கை கோள் ஸ்ரீ ஹரிகோட்டாவிலிருந்து விண்வெளிக்கு அனுப்பப்பட்டது.இது நமது இந்திய நாட்டிற்கே பெருமை சேர்த்துள்ளது.

முடிவுரை

விண்ணில் செலுத்தப்பட்ட செற்கை கோளினால் நாம் பெரும் நன்மைகளைப் பெற்றுக் கோண்டிருக்கிறோம் உலகில் எந்த மூலையஸிலும் நடக்கக்கூடிய சம்பவங்களையும் பிரட்சனைகளையும் எந்த நேரத்திலும் எந்த இடத்திலிருந்தும் தெரிந்து கோள்வதற்கான வசதிகள் மேம்பட்டுக்கொண்டிருக்கிறது மேலும் பல துறைகளிலும் வளர்ச்சியடைந்து நமது இந்திய நாட்டை விரைவில் ஒரு வல்லரசாக மாற்றுவோமாக.




Mridhun K

# സ്വാതന്ത്ര്യസമരക്വിസ്



അപ്സര .എൻ

(9 C)

1.ഒന്നാം സ്വാതന്ത്ര്യസമരത്തിന് നേതൃത്വം നൽകിയ ജാൻസിയിലെ ഭരണാധികാരി ആരായിരുന്നു?

റാണിലക്ഷ്മിഭായി

2. വാഗൺ ട്രാജഡി നടന്ന വർഷം?

1920 നവംബർ 10

3.അതിർത്തിഗാന്ധി' എന്ന അപരനാമത്തിൽ അറിയപ്പെടുന്നതാര്

അബ്ദുൽഗാഫർഖാൻ

4.ഉപ്പുനിയമ ലംഘനം നടന്ന വർഷം ?

1920 ഏപ്രിൽ 6

5.ഇന്ത്യൻ ഭരണഘടനയുടെ ശിൽപി എന്നറിയപ്പെടുന്നതാര് ?

ഡോ.ബി.ആർ അംബേദ്കർ

6.ശ്രീരാമകൃഷ്ണമിഷന്റെ സ്ഥാപകൻ ആര് ?

സ്വാമിവിവേകാനന്ദൻ

# കിനാത്തോഴി

പി.ആർ ബിന്ദുമതി

(എച്ച്.എസ്.എ മലയാളം)



*ഉമ്മറക്കൽത്തിണ്ണയിൽ ഇരുന്ന്*
*അവളെന്നോട്ചോദിച്ചു;*
*ഞാനാര്? ബാല്യത്തിൽ ഇക്കിളികൂട്ടി*
*ചിരിപ്പിച്ചവൾ...*
*സ്നേഹലാവണ്യങ്ങൾക്ക് പൂമ്പൊടി*
*പകർന്നവൾ...*
*കടമിഴികളിൽ അഞ്ജനമായവൾ*
*ഇമകൾ കൂട്ടാതെ*
*കാവലിരുന്നവൾ, വഴികളിൽ*
*വെയിലും വെളിച്ചവും*
*തണലും കുളിരുമായവൾ...*

*നിശ്വാസങ്ങൾക്ക്... തുടിപ്പും കിതപ്പും*
*നൽകിയവൾ...*
*ഇത്തിരി; തിണർപ്പും..*
*ഞാൻ ചിത്രശലഭമായി*
*നിന്നിൽ പാറിപ്പറന്നെങ്കിലും*
*നിനക്ക് ഞാൻ*
*ഈയാമ്പാറ്റയായത്*
*എങ്ങനെ??*

# ഓണപ്പഴഞ്ചൊല്ലുകൾ

*ദീപിക.ആർ*

*9 C*



**1** ''ഉള്ളപ്പോൾ ഓണം ഇല്ലാത്തപ്പോൾ പട്ടിണി''

മിച്ചം വെക്കാതെ കഴിയുന്ന ശീലം .

**2** ''ഉള്ളതുകൊണ്ട് ഓണം പോലെ''

കുറച്ചേഉള്ളുവെങ്കിൽ അതിൽ തൃപ്തിപ്പെടുക.

**3** ''ഉറുമ്പും ഓണത്തിനുകരുതും''

നിസാരന്മാർ പോലും വിശേഷങ്ങൾക്കുവേണ്ടി എന്തെങ്കിലും കരുതിവെക്കും.

**4** ''ഓണം വന്നാൽ ഉണ്ണിപിറന്നാലും കോരന് കഞ്ഞി കുമ്പിളിൽ തന്നെ''

പാവപ്പെട്ടവനെ എന്നും പാവപ്പെട്ടവനായി നിലനിർത്തുന്ന വ്യവസ്ഥി.

**5** ''കാണാം വിറ്റു ഓണം ഉണ്ണണം''

ഓണത്തിന്റെ പ്രാധാന്യം സൂചിപ്പിക്കുന്ന ചൊല്ല്. തനിക്കവകാശമുള്ള വസ്തു വിറ്റായാലും ഓണം ആഘോഷിക്കുക തന്നെ വേണം.

# SPEECH

Ananyakrishna V
(8.B)



GOOD MORNING
EVERYONE
HAPPY DIWALI TO ALL



I am here to say a speech on a wonder full topic about habits of highly success people. If we practice these habits we can see wonders happening in our life successful people start their day fresh. For this we most get up at five 'o'clock. We have more time with us than who get up late. Every great people spend their time by doing meditation it helps us to improve our concentration we can now the power with in us and we can radiate happiness. All the great people spend their time by reading. Reading improves our knowledge. We get inspired by great ideas our thoughts change by reading. Every successful people are careful about their health. They all do work outs they play and go for walk. This workouts references. The lot habit of successful people is that. They plan and schedule their time if we plan and schedule it we don't want our process time. Life is a gift of word it is our choice to make our life joyful and miserable. If we follow this types and lot of negative energy can be burned out and we can in take lot of positive energy which leads to success

Thank you

# പകയുടെ വേരുകൾ



**ആതിര.വി 8.B**

**പകയുടെ തീക്കനലുകളുമായി അവൾ തിരിച്ചെത്തി. വളരെ പാവമായിരുന്നു അവളും അവളുടെ കുടുംബവും. അമ്മയും,അനിയത്തിയും അടങ്ങുന്ന ഒരു കൊച്ചു കുടുംബമാണ് അവളുടേത്. നാലുവർഷത്തെ ജയിൽ ശിക്ഷ കഴിഞ്ഞ് തിരികെ വീട്ടിൽ എത്തുമ്പോൾഅവിടെ കണ്ട കാഴ്ച ദയനീയമായിരുന്നു. അവർ എന്നെ കണ്ടതും സന്തോഷഭരിതരായി. ചെയ്യാത്ത കുറ്റത്തിന് അഴിയെണ്ണിപ്പിച്ച ബന്ധുക്കളോട് അവൾക്ക് തീരാപകയായിരുന്നു.അമ്മാവന് അവരെ കണ്ണിൽ കണ്ടൂടായിരുന്നു. അതുകൊണ്ടുതന്നെ അമ്മാവന്റെ മക്കളോട് അവരെ അടുപ്പിച്ചിരുന്നില്ല. കുട്ടികളായ അമ്മുവിനോടും മാളുവിനോടും അവരെക്കുരിച്ച് ഇല്ലാത്തതുപറഞ്ഞ് അവരുടെ മനസ്സിൽ പകയുടെ വേരുമുളപ്പിക്കുകയായിരുന്നു അമ്മാവന്റെ ഉദ്ദേശ്യം. അതുകൊണ്ടുതന്നെ അമ്മു അവരോട് സംസാരിക്കുകയില്ലായിരുന്നു. അവരോട് കൂട്ടു-**
**കൂടുകയുമില്ല. പക്ഷേ മാളു അങ്ങനെയായിരുന്നില്ല. നല്ല സ്നേഹവും ബഹുമാനവുമുണ്ടായിരുന്നു.മാളു അവരോട് സംസാരിക്കുന്നത് അമ്മുവിന് ഇഷ്ട്മായിരുന്നില്ല. അമ്മു വിലക്കിയിരുന്നുഅവരോട് സംസാരിക്കരുതെന്ന്. എന്നാൽ അത് കേൾക്കാതെ മാളു സംസാരിച്ചു. ഒരു ദിവസം അമ്മാവൻ ആരോടോ സംസാരിക്കുന്നത് അമ്മു കേട്ടു. ആ ദിവസം അവൾ ജയിൽ നിവാസിയായ ആ ചേച്ചിയെ കൊല്ലുവാൻ ശ്രമിച്ചു. സ്വന്തം അമ്മയെ കൊന്ന ആ**
**ദ്രോഹിയെ കൊല്ലുക അതായിരുന്നു ലക്ഷ്യം. പക്ഷേ ഫോണിൽ കേട്ടത് വളരെ വളരെ**
**സങ്കടപ്പെടുത്തി. തന്റെ അച്ഛൻ തന്നെയാണ് അമ്മയെ കൊന്നത് എന്നിട്ട് ചേച്ചിയേ കുറ്റവാളിയാക്കി. ഇതു മനസിലാക്കിയ അമ്മു പശ്ചാതാപത്തോടുകൂടി ചേച്ചിയെ സമീപിച്ചു.തന്റെ അച്ഛൻ കുത്തിവച്ച പകയുടെ വേരുകളാണ് എന്നെ ഇങ്ങനെയാക്കിത്തീർത്തത്.**
**ക്ഷമിക്കു എനിക്ക് ക്ഷമനൽകു......**

**രഞ്ജിത്ത് ആർ (9 C)**



# ശ്രീനാരായണ ഗുരു

**ജനനം: 1855 ആഗസ്റ്റ് 28**

**മരണം: 1928 സെപ്റ്റംബർ 20**

തിരുവനന്തപുരം ജില്ലയിലെ ചെമ്പഴന്തി ഗ്രാമത്തിൽ ജനിച്ച ഗുരുദേവൻ, നാണുവെന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. ചെറു പ്രായത്തിൽ വിവാഹം കഴിക്കേണ്ടി വന്നെങ്കിലും പിന്നിട് എല്ലാമുപേക്ഷിച്ച് അദ്ദേഹം സന്യാസത്തിനിറങ്ങി.

മിരുത്വാമലയിൽ കുറെക്കാലം ധ്യാനത്തിലായിരുന്നു. ഗുരുദേവൻ1888- ൽ അരുവിപ്പുറത്ത് ശിവലിംഗ പ്രതിഷ്ഠ നടത്തി. 1903 -ൽ ശ്രീനാരായണ ധർമ്മ പരിപാലനയോഗം സ്ഥാപിച്ചു.

തീണ്ടൽ, തൊടീൽ, വർണവിവേചനം തുടങ്ങിയ സാമൂഹിക അസമത്വങ്ങളുടെയും ദുരാചാരങ്ങളുടെയും വിളനിലമായിരുന്ന കേരളത്തിലുടനീളം ഒരു സന്യാസിയായി സഞ്ചരിച്ച് സാമൂഹിക സമത്വത്തിനുള്ള അവകാശത്തെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കി.

ജാതിമത ഭേദമന്യേ എല്ലാവർക്കും പ്രവേശിക്കാനുള്ള ധാരാളം ക്ഷേത്രങ്ങൾ അദ്ദേഹം സ്ഥാപിച്ചു. 1912 -ൽ നടത്തിയ വർക്കല ശിവഗിരി പ്രതിഷ്ഠകൾ -ൽ ആലുവായിൽ വെച്ച് നടത്തപ്പെട്ട സർവ്വമതസമ്മേളനം തുടങ്ങിയവ ശ്രീനാരായണ ഗുരുവിന്റെ ജീവിതത്തിലെ പ്രധാന സംഭാവനകളാണ്.

"ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്" എന്ന പ്രസിദ്ധവാക്യം

# ഇനിയും വേണ്ടേ കർഷകർ

## നാളത്തെ തലമുറയ്ക്ക്

അപ്സര.എൻ(9.c)

പ്രിയപ്പെട്ട കൂട്ടുകാരെ

പ്രാചീന കാലഘട്ടത്തിൽ ഇങ്ങനെ ആയിരുന്നോ ?

യന്ത്രവൽക്കരണമായിരുന്നോ ?  മനുഷ്യാധ്യാനം  കർഷകരുടെ അധ്വാനം.

കളപറിക്കലും വിത്തുവിതയ്ക്കലും, നിലം ഉഴലും എല്ലാം മനുഷ്യനാൽ ചെയ്യാൻ കഴിയുന്ന ഒന്നാണ് മനുഷ്യന്റെ അധ്വാനം ആണിതിനെല്ലാം കാരണം എന്നാൽ കർഷകരില്ലെങ്കിലോ ?

നമ്മുടെ ജനസംഖ്യയനുസരിച്ച് കർഷകരുടെ എണ്ണം കുറഞ്ഞുവരുകയാണ്. മറ്റു മികച്ച ജോലികളിലും നല്ലവണ്ണം പണം കിട്ടുന്ന ജോലികളുമാണ് ഇപ്പോഴത്തെ ജനങ്ങൽക്കാവശ്യം കർഷകരുടെ എണ്ണം വളരെ കുറഞ്ഞുവരുകയാണ്.

കർഷകർ  ഇല്ലാതായാലോ ?

എന്താണത്ത നാം ചെയ്യുര ?

കർഷകർക്കു വലിയ പ്രാധാന്യം കൊടുക്കേണ്ടതാണ്.

നമുക്കെല്ലാം കർഷകരാവാം

വീട്ടുകളിൽ  കൃഷിചെയ്യുക  ആരോഗ്യം  സമ്പരിക്കാം.

നന്ദി നമസ്കാരം

## മാവേലിപ്പാട്ട്

മാവേലിത്തമ്പിരാൻ തമ്പിരാനേ.......

കാവല്യ നേരിനെൻ തമ്പിരാനേ....

മാളോരിലേലനാം തമ്പിരാനേ......

കോളേരിതാനായ തമ്പിരാനേ.....

എല്ലാരും താനായ തമ്പിരാനേ....

എല്ലാരേം നോക്കുന്ന തമ്പിരാനേ.....

## പൂപ്പൊലിപ്പാട്ട്

തുമ്പപ്പൂവേ പൂത്തിരളേ
നാളേയ്ക്കൊരു വട്ടി പൂ തരണേ
ആയ്ക്കില ഈയ്ക്കില ഇളംകൊടി പൂയ്ക്കില
പിന്നെ ഞാനെങ്ങനെ പൂ തരേണ്ടൂ?



## പൂവേ പൊലി

പൂപൊലി- പൊലി പൂവേ
നല്ലോരോണമുണ്ടല്ലോ പൊന്നു വരുന്നു
വരിഷക്കാലവും പാതിയാവുമ്പോൾ

*ചിങ്ങമാസം പൊന്നു വരുന്നു......*

# അമ്മ



അമ്മയെന്നുള്ള   രണ്ടക്ഷരം നാവിന്മേസൽ
ഉത്ഭവിക്കുന്ന  തേൻതുള്ളിപോലെ
അമ്മതൻ  വാത്സല്യം  പോലെ  ഈ  ലോകത്ത്
വേറൊരു  സ്നേഹമേ  ഇല്ലതാനും

ആര്യാ കൃഷ്ണ.കെ

(9.B)

പത്തുമാസം ചുമന്നീടുന്ന  നമ്മെ
വേദനയെല്ലാം   സഹിച്ചുകൊണ്ട്
പൊന്നു   കിടാവിന്റെ  മുഖമൊന്നു  ദർശിച്ചാൽ
പുഞ്ചിരിക്കുമാ   പുണ്യമനം
ജീവിതരാവിൽ   വെളിച്ചം  പകരുന്ന
അമ്മയെന്നുള്ള  ആ  പുണ്യദീപം
മാതാ  പിതാ,ഗുരു   ദൈവമെന്നോതുകിൽ.

ആദ്യസ്ഥാനം  എന്നും  മാതാവിനെ  ഭൂമിയിൽ
മികച്ചൊരു  സേവയൊന്നുണ്ടെകിൽ
ആ  സേവ  എന്നുമേ  മാതൃസേവ
അമ്മതൻ  സേവ  ചെയ്യുന്നൊരു
മാനവൻ  എന്നുമേ  ദൈവത്തിൻ  സ്നേഹപുത്രൻ
എന്നുമേ   ദൈവത്തിൻ  വേറൊ***രുപമാണമ്മയെന്നുള്ള***

***ആ    പുണ്യരൂപം.***

# ക്വിസ്

1.കേരളത്തിലെ ആകെ നദികൾ?

-44

2.കിഴക്കോട്ടൊഴുകുന്ന നദികൾ ഏവ?

-കബനി,ഭവാനി,പാമ്പാർ

3.ഖാരിഫ് എന്നത്  ഏതുകാലത്തെ ആശ്രയിച്ചുള്ള കൃഷിരീതിയാണ്?

-മഴക്കാലത്തെ

4.ഹീറ്റ് ആക്ഷൻ പദ്ധതി ഏതുമായി ബന്ധപ്പെട്ടിരിക്കുന്നു?

-കാലാവസ്ഥാ മാറ്റങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം

5.വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന മത്സ്യം?

-ഈൽ

6.ലോകത്തിലെ ഏറ്റവും വലിയ ഫലം?

-ചക്കപ്പഴം

7.ഇന്ത്യയിലെ ഏറ്റവും വലിയ ഔഷധി?

-വാഴ

8.ഇന്ത്യയിലെ ഏറ്റവും വലിയ നദി?

-ഗംഗ

9.ഇന്ത്യയിലെ ഏറ്റവും വലിയ സമതലം?

-ഗംഗാസമതലം

10.ഇന്ത്യയിലെ  ഏറ്റവും വലിയ കൊടുമുടി?

- ഗോഡ്വിൻ ഓസ്റ്റിൻ

11.ഇന്ത്യയിലെ ഏറ്റവും വലിയ തുരംഗം?

-ജവഹർ(കാശ്മീർ)

12.ഇന്ത്യയിലെ  ജലവൈദ്യുത പദ്ധതി ഏത്?

***-ഇടുക്കി***

11.ഇന്ത്യയിലെ ഏറ്റവും വലിയ തുരംഗം?

-ജവഹർ(കാശ്മീർ)

12.ഇന്ത്യയിലെ  ജലവൈദ്യുത പദ്ധതി ഏത്?---ഇടുക്കി

# ഇന്ത്യയെ സ്വാതന്ത്ര്യത്തിലേക്ക നയിച്ചവരിൽ ചിലർ

അപ്സര.എൻ

## എം.കെ.ഗാന്ധി (1869-1948)

ഇന്ത്യയുടെ രാഷ്ട്രപിതാവ്. ഇന്ത്യയുടെ സ്വാതന്ത്ര്യസമരപ്രസ്ഥാനത്തിന്റെ പ്രധാന ശില്പിയും നേതാവും. 1915-ൽ ഗാന്ധിജി തെക്കെ ആഫ്രിക്കയിൽ നിന്ന് മടങ്ങിയെത്തി നേതൃത്വം ഏറ്റെടുത്ത ശേഷം മാത്രമാണ് കോൺഗ്രസ് സംഘടിതമായ ഒരു ബഹുജനപ്രസ്ഥാനമായി മാറിയത് ഗാന്ധിജിയുടെ സത്യഗ്രഹപ്രസ്ഥാനം ഇന്ത്യയിലാകെ സമരമുറയ്ക്ക് ഒരു വ്യത്യസ്തതയും തീവ്രതയും കൊണ്ടുവന്നു. 1921 സെപ്റ്റംബര്റിൽ ഇന്ത്യക്കാരന്റെ ലാളിത്യത്തിന്റെയും ദാരിദ്രത്തിന്റെയും പ്രതീകമായി ഒരു മുണ്ട് മാത്രം ഉടുക്കുക എന്ന രീതി അദ്ദേഹം സ്വീകരിച്ചു. ഗാന്ധിജിയുടെ് നേതൃത്വത്തിൽ നടന്ന നിസ്സഹകരണ പ്രസ്ഥാനം, സിവിൽ ആഞ്ജാലംഘനം-ഉപ്പുസത്യഗ്രഹം, നിയമലംഗനപ്രസ്ഥാനം, ക്വിറ്റ് ഇന്ത്യാ പ്രസ്ഥാനം, സ്വദേശി വ്രതം എന്നിവയിലൂടെ അദ്ദേഹം അക്ഷരാർഥത്തിൽ ബ്രിട്ടീഷ് ഭരണകൂടത്തെ പിടിച്ചുകിലുക്കി. 1947 ആഗസ്റ്റ് 15-ന് ഇന്ത്യ സ്വാതന്ത്ര്യം പ്രാപിച്ചപ്പോൾ അധികാരന്റെ ഉന്നതശ്രേണിയിലേക്ക് കടന്നുവരാതെ അദ്ദേഹം ഹിന്ദു-മുസ്ലീം ഐക്യം പ്രചരിപ്പിക്കുന്നതിനായി പൊതുജനമധ്യത്തിലേക്കിറങ്ങുകയാണ് ചെയ്തത് ജനുവരി ന് അദ്ദേഹം നാഥുറാം ഗോഡ്സെ എന്ന യുവാവിന്റെ വെടിയേറ്റ് മരിച്ചു. ജവഹർ ലാൽ നെഹ്റു ഉജ്ജ്വല നേതാവും ഇന്ത്യയിലെ ആദ്യത്തെ

പ്രധാന മന്ത്രിയും നവംബർ ന് അലഹാബാദിൽ ജനിച്ചു.പൂർണസ്വരാജ് പ്രഖ്യാപനം നടന്ന ലെ ചരിത്രപ്രസിദ്ധമായ ലാഹോർ സമ്മേളനത്തിൽ നെഹ്റു കോൺഗ്രസ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു. ൽ ഗാന്ധിജീയുടെ നേതൃത്വത്തിൽ നടന്ന സിവിൽ നിയമലംഘനം പ്രസ്ഥാനത്തെത്തുടർന്ന് നെഹ്റു അറസ്റ്റിലായി. ഒന്നര വർഷത്തിനുള്ളിൽ വിട്ടയച്ചുവെങ്കിലും ക്വിറ്റ് ഇന്ത്യാ പ്രക്ഷോഭത്തെത്തുടർന്ന് ൽ വീണ്ടും അറസ്റ്റ് ചെയ്യപ്പെട്ടു. ൽ ആഗസ്റ്റ് ൽ ജയിൽ മോചിതനായശേഷം ൽ രൂപം കൊണ്ട ഇടക്കാല ഗവൺമെന്റിന്റെ ഉപാദ്യക്ഷനായി. ആഗസ്റ്റ് ന് ഇന്ത്യ സ്വാതന്ത്ര്യം നേടിയതിനെത്തുടർന്ന് പ്രധാനമന്ത്രിപദം അലങ്കരിച്ച നെഹ്റു വരെ തൽസ്ഥാനത്ത് തുടർന്നു.

## ബാലഗംഗാധരതിലകൻ
## (1856-1920)

മഹാരാഷ്ട്രയിലെ രത്നഗിരി ജില്ലയിൽ 1856 ജൂലൈ 23-ന് ജനിച്ചു. 1884-ൽ കോൺഗ്രസിൽ പ്രവർത്തനമാരംഭിച്ചു. ഗവൺമെന്റിന്റെ നടപടികളെ വിമർശിച്ചതിനും, ലേഖനങ്ങൾ എഴുതിയതിനും പലതവണ ജയിൽ ശിക്ഷ അനുഭവിച്ചു.1905-ലെ ബംഗാൾ വിഭജനത്തിൽ പ്രതിഷേധിച്ചുകൊണ്ട് സ്വതന്ത്ര്യസമര പോരാട്ടങ്ങളിൽ സജീവമായി പങ്കെടുത്തു. 1920 ആഗസ്റ്റ് 1-ന് ന്യൂമോണിയ ബാധിച്ച് അദ്ദേഹം അന്തരിച്ചു.

# ഗോപാലകൃഷ്ണ ഗോഖലെ
## (1866-1915)

അധ:സ്ഥിത വർഗക്കാരെ സഹായിക്കുന്നതിനുള്ള സെർവെന്റ് ഓഫ് ഇന്ത്യ സൊസൈറ്റി സ്ഥാപിച്ച ഇന്ത്യൻ സ്വതന്ത്ര്യസമരസേനാനി. 1866 മെയ് ഒമ്പതാം തിയ്യതി രത്നഗിരിയിൽ ജനിച്ചു. ഇന്ത്യൻ നാഷണൽ കോൺഗ്രസിലെ മിതവാദി ഗ്രൂപ്പിന്റെ നേതാവായിരുന്നു. 1905-ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ പ്രസിഡന്റായി.

***ഗാന്ധിജി തന്റെ രാഷ്ട്രീയഗുരുവായി സ്വീകരിച്ചത് ഗോഖലെയാണ്.***

## സാഹിത്യകാരന്മാർ

അപ്സര.എൻ

## വി.ടി.ഭട്ടതിരിപ്പാട് (1896-1982)

വെള്ളിത്തിരുത്തിത്താഴത്ത് രാമൻ ഭട്ടതിരിപ്പാട്. അങ്കമാലി കിടങ്ങൂരിൽ ജനനം. സാമൂഹിക പരിഷ്കർത്താവ്,നാടകകൃത്ത് എന്നീ നിലകളിൽ പ്രസിദ്ധൻ.അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് (നാടകം), കണ്ണീരും കിനാവും, കർമ്മവിപാകം, വെടിവെട്ടം, രജനീരംഗം, സത്യം എന്നത് ഇവിടെ മനുഷ്യനാകുന്നു തുടങ്ങിയവയാണ് പ്രധാന കൃതികൾ. കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചിട്ടുണ്ട്.

വള്ളത്തോൾ നാരായണമേനോൻ

(1878-1958)

തിരൂരിനടുത്തുള്ള മംഗലം അംശ വള്ളത്തോൾ കുടുംബത്തിൽ ജനനം. ആധുനിക കവിത്രയത്തിൽ പെടുന്നു. പത്രാധിപർ, കലാപരിരോഷകൻ എന്നീ നിലകളിൽ പ്രശസ്തൻ. കേരള കലാമണ്ഡലം സ്ഥാപിക്കുന്നതിന് നേതൃത്വം വഹിച്ചു. സാഹിത്യമഞ്ജരി (11 ഭാഗം),ബന്ധനസ്ഥനായ അനിരുദ്ധൻ, മദ്ഗലനമറിയം, കൊച്ചുസീത, ശിഷ്യനും മകനും, ചിത്രയോഗം, (മഹാകാവ്യം), വാല്മീകിരാമായണം (പരിഭാഷ) തുടങ്ങിയവയാണ് പ്രധാന കൃതികൾ. പദ്മഭൂഷൺ, കവിതിലകൻ, കവിസാർവഭൗമൻ തുടങ്ങിയ പുരസ്കാരങ്ങൾ ലഭിച്ചു.

## മലനീകരണം നേരിടുന്ന ഭൂമി

*രഞ്ജിത്ത് ആർ*

*നമസ്കാരം,*

*പ്രിയപ്പെട്ട കൂട്ടുകാരെ*

ഇന്ന് നമ്മുടെ ലോകം നേരിടുന്ന പ്രധാന വെല്ലുവിളിയാണ് മലിനീകരണം. ജലമലിനീകരണം, വായുമലിനീകരണം, മണ്ണുമലിനീകരണം എന്നിങ്ങനെ എത്രമാത്രമാണ്. പ്ലാസ്റ്റിക്കിനെ നമുക്കറിയാം നാം ഉപയോഗിക്കുന്ന ഒരു വസ്തുവാണ്. ഈ വസ്തു ഇല്ലാത്ത വീടുകൾ ഉണ്ടാകുമോ? ഇല്ല. അത്
അസാദ്യമാണെന്ന് നമുക്കറിയാം അല്ലേ. ? സുന്ദരമായ പ്രകൃത്യെ കണ്ടിട്ടുണ്ടോ? കഥകളിലും പസ്തകങ്ങളിലുമുള്ള കേട്ടറിവാണ് നാം കവിതകലിലൂടെയും കഥകളിലൂടെയും പ്രസംഗത്തിലൂടെയും പ്രകടിപ്പിക്കുന്നത്. ഞാനും നിങ്ങളും ഒരുപോലെയാണ്.
തോരാതെയുള്ള മഴയും പച്ചപ്പ് നിറഞ്ഞ മലകളും
കുന്നുകലും, മരങ്ങളും, ചെടികളുമെല്ലാം നിറഞ്ഞ സമൃദ്ധമായ ഭൂമി.

എന്നാൽ ഇപ്പോൾ മഴ വരുന്നതോ എപ്പോഴെങ്കിലും. കൃഷിനാശം, സമൃദ്ധിയെല്ലാം ഓടിമറഞ്ഞു.
വലിയ വലിയ കെട്ടിടങ്ങളും എല്ലാം വന്നു. അതോടെ പ്ലാസ്റ്റിക്കിന്റെ വരവ്....

പ്ലാസ്റ്റിക്ക് കത്തിക്കുമ്പോഴുണ്ടാകുന്ന പുക, പ്ലാസ്റ്റിക്ക് കുഴിച്ചിടുക, പ്ലാസ്റ്റിക്ക് വലിച്ചെറിയുക
എന്നിങ്ങനെ പലരീതിയിലും മലിനീകരണം ഉണ്ടാകുന്നുണ്ട്. ആഗോള താപനം വർദ്ധിക്കുകയും ഓസോൺ
ശോഷണത്തിനും എല്ലാം കാരണമാകുന്നുണ്ട്. സുന്ദരമായ പ്രകൃതി നശിപ്പിക്കുന്നത് നാം തന്നെയല്ലേ......
ഇതെല്ലാം നാം ഒഴിവാക്കിയുടെ നല്ല മാർഗങ്ങൾ സ്വീകരിക്കുക പ്രകൃതിയെ കാത്തുസൂക്ഷിക്കുക ഇനിമുതൽ എല്ലാവരും പ്രകൃതിയെ സംരക്ഷിക്കുമെന്ന് ഉറപ്പപനൽകുക.

ഇനിമുതൽ പ്രകൃതിയെ സംരക്ഷിക്കുമോ ?...

നന്ദി നമസ്കാരം

# ഗാന്ധിജിയുടെ കേരള സന്ദർശനങ്ങൾ

കാവ്യ.കെ
9.c

1920 ആഗസ്റ്റ് 18

ഖിലാഫത്ത്സമരത്തിന്റെ പ്രചരണത്തിനായി
കോഴിക്കോട് എത്തി.ഗാന്ധിജിയുടെ ആദ്യ കേരള സന്ദർശനം.കോഴിക്കോട്

കടപ്പുറത്തു നടന്ന പൊതുയോഗത്തിൽ ഗാന്ധിജി നടത്തിയ പ്രസംഗം കേൾക്കാൻ ഇരുപതിനായിരത്തിലധികം പേർ എത്തിയിരുന്നു.

1925 മാർച്ച് 8

വൈക്കം സത്യാഗ്രഹത്തിന് പരിഹാരം
കാണുക എന്ന ഉദ്ദേശ്യത്തോടെയുള്ള രണ്ടാം
കേരള സന്ദർശനം. തിരുവനന്തപുരത്ത് റാണി
സേതുലക്ഷ്മീ ഭായിയെക്കണ്ട് സംസാരിച്ചതിനുശേഷം ശിവഗിരിയിൽ ശ്രീനാരായണഗുരുവിനെയും അദ്ദേഹം സന്ദർശിച്ചു.

1927 ഒക്ടോബർ10

തെക്കേ ഇന്ത്യൻ പര്യടനത്തിന്റെ ഭാഗമായി മൂന്നാമത്തെ കേരള സന്ദർശനം.

1934 ജനുവരി 10

ഹരിജന ഫണ്ട് പിരിക്കുന്നതിന്റെ ഭാഗമായി നാലാമത്തെ കേരള സന്ദർശനം.

1937 ജനുവരി 13 *ക്ഷേത്രപ്രവേശന വിളംബരത്തിന്റെ പശ്ചാത്തലത്തിൽ നടത്തിയ കേരള സന്ദർശനം. ഗാന്ധിജിയുടെ അവസാന കേരള സന്ദർശനമായിരുന്നു.*




2012-01-01 14:48:28



# പ്രകൃതിഭംഗി





2012-01-01 14:50:05


2012-01-01 13:43:58


*Dharshan.A(8.D)*

ഗണിതം ഷഹാന 9A

അക്കങ്ങളും ചിഹ്നങ്ങളും ഉപയോഗിച്ച് ഗുണപരമായ ബന്ധങ്ങളുടെ ശസ്ത്രമാണ് ഗണിതം.മാത്തമാറ്റിക്സ് എന്നത് സാധാരണയായി ശുദ്ധമായ(സൈദ്ധാന്തികവും അമൂർത്തമായത്)അല്ലെങ്കിൽ പ്രായോഗിക പ്രശ്നപരിഹാരവുമാണ്

.ബീജഗണിതം

,ജ്യാമിതി

,ത്രികോണമിതി

,കാൽക്കുലസ്,പ്രോബബിലാറ്റി,സ്റ്റാറ്റിസ്റ്റിക്:ഗണിതത്തിൽ താഴെ പറയുന്ന പ്രത്യേകമേഖലകൾ ഉൾപ്പെടുന്നു.

"ഗണിത ശാസ്ത്രങ്ങൾ"എന്ന് പദം കൃത്യമായി സൂചിപ്പിക്കുന്നതുപോലെ,ശുദ്ധമായ ഗണിതശാസ്ത്രം,പ്രയോഗിക്കപ്പെട്ട ഗണിതം,കണക്കുകൾ എന്നിവയെല്ലാം ഉൾക്കൊള്ളുന്നതാണ്.ബിസിനസ്,ഗവൺമെൻറ്,സെക്കൻഡറി വിദ്യാഭ്യാസം എന്നിവയിൽ വൈവിധ്യമാർന്ന ഉയർന്ന ശമ്പളം ലഭിക്കുന്നതിനായി കണക്ക് ബിരുദധാരികൾക്ക് ബിരുതം നൽകുന്നു.കമ്പ്യൂട്ടർ,ആശയവിനിമയ വ്യവസായങ്ങളിലെ ബാങ്കുകൾ,ഇൻഷ്വറൻസ് കമ്പിനികൾ,എണ്ണ കമ്പിനികൾ,കമ്പിനികൾ എന്നിവ മിക്ക ഗണിതശാസ്ത്രജ്ഞരെയും നിയമുക്കും.

ഗണിതശാസ്ത്രത്തിൽ ബാച്ചിലേഴ്സ ഡിഗ്രിക്ക്

സാമ്പത്തികശാസ്ത്രവും കമ്പ്യൂട്ടർ സയൻസ്,

മെഡിസിൻ,എൻജിനീയറിങ്, ബിസിനസ്,നിയമവും പോലുള്ള ഗണിത ***വിഷയങ്ങളിൽ ബിരുദധാരികളെ പഠിപ്പിക്കാൻ കഴിയും***

ലിറ്റിൽ കൈറ്റ്സ്



Vishnu B (9.C)

## *LITTLE KITE LEADER*